"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്-സമാശ്വാസ തൊഴിൽദാന പദ്ധതി-തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷനിൽ കണ്ടിജന്റ് വർക്കർ-മരണപ്പെട്ട ശ്രീ.ലൂയീസ് ആന്റണിയുടെ മകൾ ശ്രീമതി.ആശ.എ.ഒ -സാനിറ്റേഷൻ വർക്കർ തസ്തികയിൽ നിയമനം നൽന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(കൈ) നം.56/2025/LSGD തീയതി,തിരുവനന്തപുരം, 26-03-2025

---

പരാമർശം:-
1. സ.ഉ(പി) നം.12/99/ഉ.ഭ.പ.വ തീയതി 24.05.1999
2. സ.ഉ(കൈ)നം.277/2022/തസ്വഭവ നമ്പർ തീയതി 22.12.2022
3. സ.ഉ.(പി) നം.12/2023/ഉഭപവ തീയതി 14.07.2023
4. ശ്രീമതി.ആശ.എ.ഒ.സമർപ്പിച്ച 23.01.2014 തീയതിയിലെ ആശ്രിതനിയമന അപേക്ഷ
5. പ്രിൻസിപ്പൽ ഡയറക്ടറുടെ 21.09.2023 തീയതിയിലെ LSGD/PD/46755/2023-DEF1, 15.03.2025 ലെ LSGD/PD/737/2024-DEF7 നമ്പർ കത്തുകൾ
6. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 29.01.2025 തീയതിയിലെ DCTVM/13338/2023-S6 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷനിൽ കണ്ടിജന്റ് വർക്കർ തസ്തികയിൽ സേവനമനുഷ്ഠിക്കവെ 02.07.2013 തീയതിയിൽ മരണപ്പെട്ട ശ്രീ.ലൂയീസ് ആന്റണിയുടെ മകൾ ശ്രീമതി.ആശ.എ.ഒ. (TC 26/1099,രാജാജി നഗർ, തമ്പാനൂർ, ജിപിഒ, തിരുവനന്തപുരം) സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് പരാമർശം (4) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ശ്രീ.ലൂയീസ് ആന്റണി -യുടെ സേവനകാലം 30വർഷവും 01 മാസവും, 10ദിവസവുമാണ്. സർവീസ് സർട്ടിഫിക്കറ്റ് പ്രകാരം പരേതന്റെ ജനന തീയതി 30.10.1957, സർവീസിൽ പ്രവേശിച്ച തീയതി 23.05.1983 എന്നിങ്ങനെയാണ്. പ്രിൻസിപ്പൽ ഡയറക്ടറും, തിരുവനന്തപുരം ജില്ലാ കളക്ടറും അപേക്ഷകന് ജോലി നല്കുന്നതിന് പരാമർശം 5,6 പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

2) ശ്രീമതി.ആശ.എ.ഒ-യുടെ ജനന തിയതി 20.05.1984 എന്നതും ടിയാന്റെ വിദ്യാഭ്യാസ യോഗ്യത ഒൻപതാം ക്ലാസ്സുമാണ്. ടിയാൻ ആശ്രിത നിയമനത്തിനുള്ള അപേക്ഷ നിശ്ചിത സമയപരിധിയ്ക്കുള്ളിൽ (23.01.2014) സമർപ്പിച്ചുണ്ട്. അപേക്ഷകന് ജോലി നൽകുന്നതിന് സമ്മതമാണെന്ന് മറ്റ് അവകാശികൾ സമ്മതപത്രം നൽകിയിട്ടുണ്ട്. ഈ ജോലിക്കായി മറ്റാരും

തന്നെ അപേക്ഷിച്ചിട്ടില്ലായെന്ന് തിരുവനന്തപുരം നഗരസഭ അഡീഷണൽ സെക്രട്ടറി വ്യക്തമാക്കിയിട്ടുണ്ട്. ടിയാന്റെ കുടുംബ വാർഷിക വരുമാനം ₹60000/- (അറുപതിനായിരം രൂപ മാത്രം)/- ആണെന്ന് തൈക്കാട് വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ശ്രീമതി.ആശ.എ.ഒ വിവാഹിതയാണ്. ടിയാൻ വിവാഹ ശേഷവും പിതാവിന്റെ ആശ്രിതയായിരുന്നുവെന്നും തിരുവനന്തപുരം താലൂക്ക് തഹൽസീദാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

3) ശ്രീമതി.ആശ.എ.ഒ തിരുവനന്തപുരം ജില്ലയിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിലേക്കായിരുന്നു അപേക്ഷ സമർപ്പിച്ചിരുന്നത്. ടിയാൻ ടി തസ്തികയിലേക്ക് യോഗ്യത നേടിയിട്ടുമുണ്ട്. എന്നാൽ നിലവിലുള്ള സാഹചര്യമനുസരിച്ച് ടി തസ്തികയിൽ ജോലി ലഭിക്കുവാൻ വലിയ കാലതാമസമുണ്ടാകുമെന്നതിനാൽ അറ്റൻഡർ തസ്തികയ്ക്ക് പകരം തിരുവനന്തപുരം നഗരസഭയിൽ സാനിറ്റേഷൻ വർക്കറായി നിയമനം നൽകണമെന്നാവശ്യപ്പെട്ട് ശ്രീമതി.ആശ.എ.ഒ അപേക്ഷ സമർപ്പിച്ചു. പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം മുൻസിപ്പൽ കോർപ്പറേഷൻ, മുൻസിപ്പാലിറ്റികളിലെ ഓഫീസ് അറ്റൻഡന്റ്, ഡ്രൈവർ,ടൈപ്പിസ്റ്റ് തസ്തികകളിൽ ജീവനക്കാർ വിരമിക്കുന്നത് മുഖേന വരുന്ന ഒഴിവുകളിൽ ഓഫീസ് അറ്റൻഡന്റ്(283), ഡ്രൈവർ(60+34), ടൈപ്പിസ്റ്റ്(60) എന്നീ 437 തസ്തികകളിൽ നിയമനം നടത്താതെ ഒഴിവാക്കുന്നതിന് ഉത്തരവായിട്ടുണ്ട്. മുൻസിപ്പൽ കോർപ്പറേഷൻ, മുൻസിപ്പാലിറ്റികളിലെ ഓഫീസ് അറ്റൻഡന്റ് തസ്തികകളിൽ ജീവനക്കാർ വിരമിക്കുന്നത് മുഖേന വരുന്ന ഒഴിവുകളിൽ 283 തസ്തിക നിയമനം നടത്താതെ ഒഴിവാക്കുന്നതിന് ഉത്തരവായ സാഹചര്യത്തിലും, വകുപ്പിൽ ജീവനക്കാരുടെ വിരമിക്കൽ മുഖേനയാണ് കൂടുതൽ ഒഴിവുകൾ വരുന്നതിനാലും, വിരമിക്കൽ ഒഴിവിൽ നിയമനം നൽകരുതെന്നുള്ള ഉത്തരവ് ഉള്ളതിനാലും മുൻസിപ്പൽ കോമൺ സർവ്വീസിൽ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമനം നൽകുന്നതിനായുള്ള ഉത്തരവുകൾ നടപ്പാക്കുന്നതിന് അനന്തമായ കാലതാമസം നേരിടുന്നതിനും ഉത്തരവായ ജില്ലയിൽ നിയമനം നൽകുന്നതിനും സാധിക്കാത്ത സാഹചര്യം ഉണ്ടാകുമെന്ന് പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിരുന്നു.

4) 21.02.2018-ലെ സ.ഉ(കൈ)നം.5/2018/ഉഭപവ നമ്പർ ഉത്തരവിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന ആശ്രിതരെ സംരക്ഷിച്ചു കൊള്ളാമെന്നുള്ള സംരക്ഷണസമ്മതമൊഴിയും, ടി സംരക്ഷണ സമ്മതമൊഴി ലംഘിക്കുന്ന പക്ഷം പരാമർശം (3) ഉത്തരവ് പ്രകാരം പ്രതിമാസ അടിസ്ഥാന ശമ്പളത്തിൽ നിന്നും 25% തുക പിടിക്കുന്നതിനായുള്ള സമ്മതപത്രവും അപേക്ഷകൻ ലഭ്യമാക്കിയിട്ടുണ്ട്.

5) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷനിൽ കണ്ടിജന്റ് വർക്കർ തസ്തികയിൽ സേവനമനുഷ്ഠിക്കവെ 02.07.2013 തീയതിയിൽ മരണപ്പെട്ട ശ്രീ.ലൂയീസ് ആന്റണിയുടെ മകൾ ശ്രീമതി.ആശ.എ.ഒ -യ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിൽ സാനിറ്റേഷൻ വർക്കർ തസ്തികയിൽ ടി ആശ്രിത നിയമനം ഈ തസ്തികയിലെ ആകെ നിയമനത്തിന്റെ 5%- ത്തിൽ അധികരിക്കരുതെന്ന വ്യവസ്ഥയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു .

6) പ്രിൻസിപ്പൽ ഡയറക്ടർ/ബന്ധപ്പെട്ട നഗരസഭാസെക്രട്ടറി ഒഴിവിന്റെ ലഭ്യതയനുസരിച്ച് മേൽ പറഞ്ഞ അപേക്ഷകന് നിയമന ഉത്തരവ് നൽകേണ്ടതാണ്. ടിയാനെ സർവ്വീസിൽ

പ്രവേശിപ്പിക്കുന്നതിന് മുമ്പ് സർട്ടിഫിക്കറ്റുകളുടെ അസ്സൽ വാങ്ങി പരിശോധിച്ച് ബോധ്യപ്പെടേണ്ടതും ചട്ട പ്രകാരമുള്ള മറ്റെല്ലാ നടപടി ക്രമങ്ങളും പാലിക്കേണ്ടതുമാണ്. നിയമന വിവരം മരണമടഞ്ഞ ജീവനക്കാരന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തി നിയമനാധികാരി സാക്ഷ്യപ്പെടുത്തേണ്ടതാണ്. അപേക്ഷകന് നൽകുന്ന നിയമന ഉത്തരവിന്റെ പകർപ്പ് പരിശോധനയ്ക്കായി സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

7) ടി ജോലി ലഭിക്കുന്നതിലേക്കായി അപേക്ഷകൻ തെറ്റായ വിവരങ്ങൾ നൽകിയെന്ന് ബോധ്യപ്പെടുന്ന പക്ഷം ഈ ഉത്തരവ് റദ്ദാക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അഞ്ജലിദേവി എ ജി
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, എൽഎസ്ജിഡി, തിരുവനന്തപുരം
ജില്ലാ കളക്ടർ, തിരുവനന്തപുരം
സെക്രട്ടറി ,തിരുവനന്തപുരം കോർപ്പറേഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്), കേരള , തൃശ്ശൂർ
ശ്രീമതി.ആശ.എ.ഒ, TC 26/1099,രാജാജി നഗർ, തമ്പാനൂർ, ജിപിഒ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 26-03-2025 14:17:12
സെക്ഷൻ ഓഫീസർ